**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1646** **08-02-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് കൃഷി ഭവനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര സ്മാർട്ട് കൃഷി ഭവനുകളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളെയും ഘട്ടംഘട്ടമായി സ്മാർട്ട് കൃഷിഭവനുകളാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഒരു നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ ആദ്യ ഘട്ടത്തിൽ പദ്ധതി നടപ്പാക്കുക എന്ന ഉദ്ദേശ്യത്തോടെ 140 നിയോജക മണ്ഡലങ്ങളിലേയും എം.എൽ.എ മാരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സ്മാർട്ട് കൃഷിഭവനുകളാക്കേണ്ട 139 കൃഷിഭവനുകളുടെ പട്ടിക ലഭ്യമാക്കിയതു പ്രകാരമാണ് നിയോജകമണ്ഡലാടിസ്ഥാനത്തിൽ സ്മാർട്ട് കൃഷിഭവനുകളാക്കേണ്ട കൃഷിഭവനുകളെ തെരെഞ്ഞെടുത്തത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വാർഷിക പദ്ധതിയായ 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതുപ്രകാരം സംസ്ഥാനത്ത് തെരെഞ്ഞെടുത്ത 28 കൃഷിഭവനുകളെ ആദ്യഘട്ടത്തിൽ സ്മാർട്ട് കൃഷിഭവനാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.<br><br>കൂടാതെ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ് ട്രാഞ്ചെ 27 സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം ജില്ലയിൽ ഒരു കൃഷിഭവൻ എന്ന തോതിൽ സംസ്ഥാനത്തെ 14 കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിനുള്ള നടപടികളും കെ.എൽ.ഡി.സി. മുഖാന്തിരം പുരോഗമിക്കുന്നു. |
| (ബി) | ആലപ്പുഴ ജില്ലയിൽ പുതുതായി എത്ര സ്മാർട്ട് കൃഷി ഭവനുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (ബി) | 2022-23 സംസ്ഥാന വാർഷിക പദ്ധതിയായ 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ 3 കൃഷിഭവനുകൾക്കാണ് സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനായി ഭരണാനുമതി ലഭ്യമായിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | ആലപ്പുഴ നിയോജകമണ്ഡലത്തിൽ നിന്നും മാരാരിക്കുളം സൗത്ത് കൃഷിഭവൻ, ചേർത്തല നിയോജകമണ്ഡലത്തിൽ നിന്നും ചേർത്തല സൗത്ത് കൃഷിഭവൻ, ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നിന്നും മുളക്കുഴ കൃഷിഭവൻ എന്നിവയാണ് ഭരണാനുമതി ലഭ്യമായിട്ടുള്ള കൃഷിഭവനുകൾ.<br><br>പ്രസ്തുത കൃഷിഭവനുകളിൽ സ്മാർട്ട് കൃഷിഭവൻ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് ടെക്നിക്കൽ കമ്മിറ്റികളുടെ യോഗം ചേരുകയും പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായും ഫ്രണ്ട് ഓഫീസ് സംവിധാനത്തിനായും പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക് ആയി ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഐ.റ്റി ഇൻഫ്രാസ്ട്രക്ച്ചർ, വിള ആരോഗ്യ ക്ലിനിക്കുകൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങൽ നടപടികൾ സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ചുകൊണ്ട് പുരോഗമിച്ചു വരുന്നു.<br><br>ആർ.ഐ.ഡി.എഫ് ട്രാഞ്ചെ 27 സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം കുട്ടനാട് നിയോജകമണ്ഡലത്തിൽ നിന്നും നെടുമുടി കൃഷിഭവനാണ് സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനായി ഭരണാനുമതി ലഭ്യമായിട്ടുള്ളത്. ടി പദ്ധതി കെ.എൽ.ഡി.സി. മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ആയതിന്റെ സ്ഥലം കൈമാറ്റ ഡോക്യുമെന്റേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | പ്രസ്തുത കൃഷി ഭവനുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നും പൊതുജനങ്ങൾക്ക് കൃഷി അറിവ് പ്രദാനം ചെയ്യുന്നതിൽ സ്മാർട്ട് കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചും വിശദീകരിക്കാമോ? | (സി) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനാണ് 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ നിറവേറ്റുന്നതിനായി കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്നു മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. പഞ്ചായത്ത് തലത്തിൽ കർഷകരുടെ പ്രധാന സമ്പർക്ക കേന്ദ്രമായ കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, ഐ.ടി അധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങൾ, ഫ്രണ്ട് ഓഫീസ് സേവന സംവിധാനം എന്നിവ പ്രദാനം ചെയ്തു കൊണ്ട് കൃഷിഭവനുകളെ കർഷക സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സ്മാർട്ട് |

| | | | |
|---|---|---|---|
| | | | കൃഷിഭവൻ പദ്ധതി നടപ്പിലാക്കുന്നതിലൂടെ സാധിക്കുന്നു. വിള പരിപാലന ക്ലിനിക്കുകളുടെ നിർമ്മാണം/ ശാക്തീകരണം നടത്തുന്നതിലൂടെ കർഷകർക്ക് കാർഷിക വിജ്ഞാന വ്യാപനം സാധ്യമാകുകയും അതിലൂടെ കീടരോഗ നിയന്ത്രണങ്ങൾക്കുള്ള സത്വര പരിഹാര മാർഗ്ഗങ്ങൾ സാധ്യമാകുകയും ചെയ്യുന്നു. സേവനങ്ങൾ ഓൺലൈൻ ആയി മാറുന്നതോടെ വേഗത്തിലും സമയബന്ധിതമായും സേവനങ്ങൾ കർഷകർക്ക് ലഭ്യമാകും.<br><br>കൂടാതെ കർഷകരുടെ കൃഷി സ്ഥലത്തിന്റേയും ഫാം പ്ലാനിന്റെയും ഡിജിറ്റൈസേഷൻ, നഴ്സറികളുടേയും വിവിധ ഫാമുകളുടെയും ഡിജിറ്റൈസേഷൻ, ജലസേചന സൗകര്യങ്ങളോടു കൂടിയുള്ള ഗ്രീൻഹൗസുകളുടെ നിർമ്മാണം, കൃഷിഭവൻ കെട്ടിടങ്ങളുടെ നിർമ്മാണം തുടങ്ങിയ വികസന പ്രവർത്തനങ്ങൾ ആർ.ഐ.ഡി.എഫ്. സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ